ആദിവാസി മ്യൂസിയം

22 (845) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടെ കിർത്താഡ്സ് ആദിവാസി മ്യൂസിയം സ്ഥാപിക്കാൻ നിർമ്മിച്ച കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ പ്രവൃത്തി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നത് ;

(സി) ആദിവാസി മ്യൂസിയം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ,ബി&സി) ആദിവാസി മ്യൂസിയം സ്ഥാപിക്കുവാൻ നിർമ്മിച്ച കെട്ടിടത്തിന്റെ പണി ഏറെക്കുറെ പൂർത്തിയായിക്കഴിഞ്ഞു. വൈദ്യുതീകരിക്കുവാനും മ്യൂസിയം സജ്ജീകരണത്തിനും ഉള്ള നടപടികൾ എടുത്തുവരുന്നു. ഇവ പൂർത്തീകരിച്ചാൽ ഉടനെ മ്യൂസിയം ആരംഭിക്കുന്നതാണ്.

കോവളം-കൊല്ലം ജലപാത നിർമ്മാണം

23 (847) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. പി. രാജു :
ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കിലോമീറ്റർ ജലപാതയുടെ നിർമ്മാണം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട് ;

(ബി) ഇതിൽ കോവളം കൊല്ലം ജലപാതയ്ക്ക് എത്ര കിലോമീറ്റർ നീളമുണ്ട് ;

(സി) ഇതിന്റെ നിർമ്മാണത്തിന് എന്തെല്ലാം നടപടി ഇതിനകം സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) കോവളം-കൊല്ലം ജലപാതയ്ക്ക് മൊത്തം എത്ര രൂപയാണ് നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഏതൊക്കെ വകുപ്പുകൾ ഇതിന്റെ ചെലവ് വഹിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട് ;

(എഫ്) കോവളത്തുനിന്നും മറ്റേതെല്ലാം സ്ഥലങ്ങളിലേയ്ക്ക് ജലപാത നിർമ്മാണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പശ്ചിമതീര കനാലിലെ ദേശീയജലപാത-3 ആയി അംഗീകരിച്ച ഭാഗം കഴിച്ച് ഏകദേശം 420 കി.മീ. ദൈർഘ്യം വരുന്ന ഭാഗവും, ഏകദേശം 1000 കി. മീ. ദൈർഘ്യം വരുന്ന ഉപകനാലുകളും സംസ്ഥാന സർക്കാരിന്റെ അധീനതയിൽ ആണ്. ഈ കനാലുകൾ മൊത്തമായി നവീകരിക്കുവാൻ വൻ തുക ആവശ്യമായതിനാൽ ഈ കനാലുകൾ ഘട്ടം ഘട്ടമായി നവീകരിക്കുവാനുള്ള നടപടികളാണ് സർക്കാർ എടുത്തു വരുന്നത്.

(ബി) 75 കിലോമീറ്റർ

(സി) കോവളം മുതൽ കൊല്ലം വരെയുള്ള ജലപാത നവീകരിക്കുന്നതിന് വേണ്ടി 36.39 കോടി രൂപ മതിപ്പു ചെലവു വരുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് നബാർഡിന്റെ ആർ. ഐ.ഡി.എഫ് 6-ൽ ഉൾപ്പെടുത്തിയോ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തിയോ സാമ്പത്തികസഹായം നേടാൻ ശ്രമിച്ചു വരികയാണ്. ഇതിന്റെ ഒന്നാംഘട്ടമായി വിനോദസഞ്ചാര വകുപ്പിന്റെയും കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെയും സഹകരണത്തോടെ 181.50ലക്ഷം രൂപ മതിപ്പു ചെലവു വരുന്ന ഇടയാർ മുതൽ ആക്കുളം വരെയുള്ള പന്ത്രണ്ടു കിലോമീറ്റർ കനാൽ നവീകരിക്കുന്നതിനു ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ഭാഗത്തിന്റെ പുനരുദ്ധാരണ ജോലികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(ഡി) 36.29 കോടി രൂപ.

(ഇ) കോവളം-കൊല്ലം ജലപാതയുടെ ഒന്നാം ഘട്ട നവീകരണത്തിനായി ഏകദേശം 12. കി. മീ. ദൂരം നവീകരിയ്ക്കുന്നതിന് അടങ്കൽ തുകയുടെ പകുതി വിനോദസഞ്ചാര വകുപ്പ് വാഗ്ദാനം ചെയ്തിട്ടുണ്ട്. ബാക്കി തുക കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പാണ് ചെലവാക്കുന്നത്.

(എഫ്) കോവളത്തുനിന്നും മറ്റു സ്ഥലങ്ങളിലേയ്ക്ക് ജലപാത നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിൽ തൽക്കാലം പരിഗണനയിലില്ല.

കാപ്പാട് കടപ്പുറത്തെ കടലാക്രമണം

24 (852) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി താലൂക്കിലെ കാപ്പാട് കടപ്പുറത്ത് കടലാക്രമണം രൂക്ഷമായപ്പോൾ നിലവിലുള്ള വീടുകളും കടൽ തീരവും സംരക്ഷിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത പ്രദേശത്ത് 750 മീറ്റർ നീളത്തിൽ കൂടി കടൽ ഭിത്തി കെട്ടുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇവിടെ കടൽ ഭിത്തി കെട്ടാൻ എത്ര രൂപയുടെ പദ്ധതിയാണ് നിലവിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly